(സി) മേൽ പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തെ നിക്ഷേപ വായ്പ അനുപാതം എത്ര വീതമായിരുന്നു;

(ഡി) സംസ്ഥാനത്തെ നിക്ഷേപ വായ്പ അനുപാതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കുമോ; ഈ നടപടികളുടെ ഫലമായി സംസ്ഥാനത്ത് നിക്ഷേപ വായ്പാ അനുപാതം എത്രമാത്രം വർദ്ധിച്ചു?

ഉത്തരം

(എ) ഓരോ വർഷവും നൽകിയ വായ്പയുടെ കണക്കുകൾ ലഭ്യമല്ല. ബാങ്കുകൾ കണക്കുകൾ സൂക്ഷിക്കുന്നത് ഒരു നിശ്ചിത ദിവസത്തെ ആസ്പദമാക്കി, ആ ദിവസം വരെയുള്ള വായ്പയുടെ (പിൻവലിക്കൽ കുറച്ചതിനും ശേഷമുള്ളവ) കണക്കുകളാണ്. ഇതനുസരിച്ച് 1996 മാർച്ച് മുതൽ 1999 സെപ്റ്റംബർ വരെ പൊതുമേഖലാ ബാങ്കുകൾ സംസ്ഥാനത്ത് നൽകിയ വായ്പയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	രൂപ (കോടിയിൽ)
1996 മാർച്ച്	6377.30
1997 മാർച്ച്	7306.33
1998 മാർച്ച്	8731.97
1999 മാർച്ച്	9365.51
1999 സെപ്റ്റംബർ	9981.38

(ബി) ഉത്തരം അനുബന്ധമായി നൽകിയിരിക്കുന്നു. †

(സി) വർഷം	വായ്പാനിക്ഷേപ അനുപതം
1996 മാർച്ച്	44.42
1997 മാർച്ച്	45.24
1998 മാർച്ച്	44.88
1999 മാർച്ച്	43.06
1999 സെപ്റ്റംബർ	40.42

(ഡി) സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അനുബന്ധമായി നൽകിയിരിക്കുന്നു.†

വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടെങ്കിലും മൊത്തം വായ്പാ നിക്ഷേപ അനുപാതത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

7 (317) പെൻഷൻ വിതരണം

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പെൻഷൻകാർക്ക് അതാതുമാസത്തെ പെൻഷൻ എപ്പോഴാണ് നൽകുന്നത്;

---

† അനുബന്ധം II എ

† അനുബന്ധം II ബി

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999 ഡിസംബറിലെ പെൻഷൻ അവർക്ക് എന്നു ലഭിക്കാനാണ് അർഹതയുണ്ടായിരുന്നത്;

(സി) അതനുസരിച്ച് പെൻഷൻകാർ പെൻഷൻ വാങ്ങിയോ;

(ഡി) 15.12.99 ൽ ധനകാര്യ വകുപ്പിൽ നിന്നും ഇറക്കിയ ഉത്തരവിൽ പെൻഷൻകാർക്ക് 1999 ഡിസംബറിലെ പെൻഷൻ ഡിസംബർ 22 മുതൽ കൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവോ;

(ഇ) 1999 ഡിസംബർ 1-ാം തീയതി തന്നെ ആ മാസത്തെ പെൻഷൻ വാങ്ങിയവർക്ക് 22-ാം തീയതി മുതൽ ആ മാസത്തെ പെൻഷൻ നൽകുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(എഫ്) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഡിസംബർ മാസത്തെ ശംബളം കാലേക്കൂട്ടിനൽകിയതുപോലെ പെൻഷൻകാർക്ക് 2000 ജനുവരിയിലെ പെൻഷൻ 1999 ഡിസംബറിൽ ക്രിസ്തുമസിന് മുൻപ് നൽകാൻ ഉത്തരവ് പുറപ്പെടുവിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അതാതുമാസത്തെ പെൻഷൻ ആ മാസം ഒന്നാം തീയതിയാണ് നൽകുന്നത്.

(ബി) 1999 ഡിസംബർ ഒന്നിന്.

(സി) അതെ

(ഡി) 15.12.99-ൽ ധനകാര്യ വകുപ്പിൽ നിന്നും ഇറക്കിയ ജി.ഒ. (പി) നം.2507/99/ധന. പ്രകാരം സ്റ്റേറ്റ് സർവീസ് പെൻഷൻകാരുടെ ഡിസംബർ മാസത്തെ പെൻഷൻ 22.12.99 മുതൽ വിതരണം ചെയ്യുന്നതാണ് എന്ന് ഉത്തരവിറക്കിയിരുന്നു. എന്നാൽ 20.12.99 ന് ഇറക്കിയ ജി.ഒ. (പി) നം. 2529/99/ധന. എന്ന തിരുത്തൽ ഉത്തരവ് പ്രകാരം പെൻഷൻ കാരുടേയും ഫാമിലി പെൻഷൻകാരുടേയും ജനുവരി 2000 ലെ പെൻഷൻ ആണ് 22.12.99 മുതൽ വിതരണം ചെയ്യുന്നത് എന്ന് അറിയിച്ചിരുന്നു.

(ഇ) ഡിസംബർ 22-ാം തീയതി മുതൽ വിതരണം ചെയ്യുന്നത് ജനുവരി 2000 ലെ പെൻഷൻ ആണെന്ന് 20.12.99 ലെ ജി.ഒ. (പി) നം. 2529/99/ധന. പ്രകാരം വ്യക്തമാക്കിയിരുന്നു.

(എഫ്) ജി.ഒ. (പി) നം. 2507/99/ധന. തീയതി 15.12.99 പ്രകാരവും ജി.ഒ. (പി) നം. 2529/99/ധന. തീയതി 20.12.99 എന്ന തിരുത്തൽ ഉത്തരവ് പ്രകാരവും പെൻഷൻകാർക്ക് 2000 ജനുവരിയിലെ പെൻഷൻ 1999 ഡിസംബർ 22-ാം തീയതി മുതൽ വിതരണം ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

8 (318) ടാർ വാങ്ങുന്നതിന് ലഭ്യമാക്കുന്ന തുക

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly